# PREFACE

*The* **'FOCUS'** *is published by the Kerala Legislature Secretariat for the use of the members of the Kerala Legislative Assembly. It is a digest containing articles and excerpts from books on subjects of current intellectual, political, social and cultural interest, news, reports of the commissions and committees and reviews of books. The views expressed therein are those of the authors and do not necessarily reflect the views of the Kerala Legislature Secretariat.*

*Materials reproduced from other sources may not be republished in any form. Inquiries regarding permission for publication may be addressed directly to the sources cited.*

`

***V.K. BABU PRAKASH,***
***SECRETARY,***
***KERALA LEGISLATIVE ASSEMBLY.***

# CONTENTS

VOL. XLVIII    October 2018    No. 10


| | ARTICLES | Page |
|---|---|---|
| രാജ്മോഹൻ ഗാന്ധി | ചരിത്രത്തിൽ ഗാന്ധി [മാധ്യമം ആഴ്ചപ്പതിപ്പ്, 1 ഒക്ടോബർ 2018] | 1-5 |
| ഹമീദ് ചേന്നമംഗലൂർ | മൂന്ന് വിധിന്യായങ്ങൾ, ഭിന്ന പ്രതികരണങ്ങൾ [സമകാലിക മലയാളം, 8 ഒക്ടോബർ 2018] | 6-11 |
| Kaushik Deka | A Unique Dilemma [India Today, 22 October 2018] | 12-16 |
| Lola Nayar | Humpty Dumpty Economy [Outlook, 22 October 2018] | 17-21 |
| | **BOOK REVIEW** | |
| P.A. Krishnan | Lengthening Shadow of The Lifelong Quester-[A Review of the Book-“Gandhi 1914-1948 : The Years That Changed The World”, written by Ramachandra Guha] [Outlook, 29 October 2018] | 22-25 |
| | **LEGISLATIVE BUSINESS** | |
| | Resume of Business-13th Session of the Himachal Pradesh Legislative Assembly | 26-27 |

FOCUS



# ചരിത്രത്തിൽ ഗാന്ധി

**രാജ്മോഹൻ ഗാന്ധി**

1948 ൽ, 78-ാം വയസ്സിൽ കൊല്ലപ്പെടുമ്പോൾ ഗാന്ധിജി ഒരു പ്രായം ചെന്ന വ്യക്തിയായാണ് തോന്നിച്ചത്. ഇന്ന്, പല ഇന്ത്യക്കാർക്കും അദ്ദേഹത്തിന്റെ ചില കൊച്ചു മക്കൾക്ക് ഉൾപ്പെടെ 78 ലേറെ വയസ്സുണ്ട്.

തന്റെ ആയുഷ്കാലത്ത് ഗാന്ധി പല സ്ഥലങ്ങളിലും ജീവിച്ചിട്ടുണ്ട്. രാജ്കോട്ടിലും മുബൈയിലും ജീവിച്ചു. ദക്ഷിണാഫ്രിക്കയിൽ ഡർബൻ, പ്രിട്ടോറിയ, ജൊഹാനാസ്ബർഗ് എന്നിവിടങ്ങളിൽ, ഗുജറാത്തിലെ അഹമ്മദാബാദിൽ, ബിഹാറിലെ ചമ്പാരനിൽ, ഇന്ന് ബാംഗ്ലാദേശിന്റെ ഭാഗമായ നവഖാലിയിലെ നെയ്ത്തുകാരുടെയും അലക്കുകാരുടെയും കൂരകളിൽ, ഇപ്പോൾ പാകിസ്താനിലുള്ള ഖൈബർ പക്തുഖ്വാ പ്രവിശ്യയിലെ ചർസദ്ദ, ഉദ്മാൻസായി, അബോദബാദ് എന്നിവിടങ്ങളിൽ, കേരളത്തിൽ, ആന്ധ്രയിൽ, അസമിൽ, കൊൽക്കത്തയിൽ, മുംബൈയിൽ, ചെന്നൈയിൽ, ബംഗളുരുവിൽ, അമൃതസറിൽ, ലാഹോറിൽ, കറാച്ചിയിൽ, മ്യാൻമറിലും ശ്രീലങ്കയിലും, ഇംഗ്ലണ്ട്, ഫ്രാൻസ്, സ്വിറ്റ്സർലൻഡ്, ഇറ്റലി എന്നിവിടങ്ങളിൽ.

അദ്ദേഹം ജയിലിൽ ജീവിച്ചു. ഇന്ത്യക്കും ആഫ്രിക്കക്കും ബ്രിട്ടീഷ് ഐൽസുകൾക്കുമിടയിലെ കപ്പലുകളിൽ ജീവിച്ചു. ഇന്ത്യയിലെമ്പാടും ആവി പറത്തി ഓടിയ ട്രെയിനുകളിൽ കഴിഞ്ഞു. ഡൽഹിയിൽ അദ്ദേഹത്തിന്റെ ആതിഥേയർ ഹിന്ദുക്കളും മുസ്ലിംകളും ക്രിസ്ത്യാനികളും ജൈനരുമായിരുന്നു. അവിടെ അദ്ദേഹത്തിന്റെ ആതിഥേയർ പാവപ്പെട്ട ദലിതരും ഘനശ്യാംദാസ് ബിർളയെ പോലുള്ള ധനിക വ്യവസായികളുമായിരുന്നു.

ഗാന്ധിജിക്ക് എല്ലായിടവും വീടായി തോന്നി. കാരണം എല്ലായിടത്തും അദ്ദേഹം സുഹൃത്തുക്കളെ സൃഷ്ടിച്ചു.

കൊല്ലചെയ്യപ്പെട്ട ശേഷം വളരെക്കാലം ഗാന്ധിജി ഹിന്ദുദേശീയവാദികളാൽ ആക്രമിക്കപ്പെട്ടു. വിഭജനം തടയാനാവാത്തിന്റെ പേരിൽ. “ഹിന്ദു തീവ്രവാദികൾ വിളിച്ചു കൂവി: “ അയാൾ പാകിസ്താന്റെ പിതാവാണ്.”



ഇന്ന് ഹിന്ദു ദേശീയവാദികൾ ഗാന്ധിയെ ആക്രമിക്കുന്നത് വിഭജനത്തെ ചെറുക്കാത്തതിനല്ല. അവർ സ്വകാര്യമായി പറയുന്നത് ഇങ്ങനെയാണ്". പാകിസ്താൻ ഉണ്ടാവുന്നത് തടയുന്നതിൽ ഗാന്ധി പരാജയപ്പെട്ടതിൽ ദൈവത്തിന് നന്ദി. ഇന്ത്യ ഒന്നായി തുടർന്നുവെങ്കിൽ ഇന്ത്യയിലെ മുസ്ലിം ശതമാനം 15 അല്ല 35 ആകുമായിരുന്നു. ദൈവം ഇടപെട്ടു, ഗാന്ധി പാരാജയപ്പെട്ടു. ഇന്ത്യ അനുഗ്രഹിക്കപ്പെട്ടു."

എന്നാൽ, ഇന്ത്യ അത്രമാത്രം അനുഗ്രഹിക്കപ്പെട്ടിട്ടില്ല. ഇന്ത്യയെ യോജിപ്പിച്ച് നിർത്തണമെന്ന ഗാന്ധിജിയുടെ അപകടകരമായ ആഗ്രഹം പൂവണിഞ്ഞില്ല. എങ്കിലും നെഹ്റുവിന്റേയും അംബേദ്ക്കറിന്റേയും മറ്റുള്ളവരുടെയും സഹായത്തോടെ ഇന്ത്യൻ രണകൂടം മതനിരപേക്ഷമായിരിക്കുമെന്ന് ഗാന്ധിജി ഉറപ്പാക്കി. അങ്ങനെ ഇന്ത്യൻ പൗരർക്ക് ചിന്തിക്കാൻ, വിശ്വസിക്കാൻ, ആരാധിക്കാനുള്ള സ്വാതന്ത്ര്യം സ്വന്തമായി.

എന്തുകൊണ്ടാണ് വിഭജനം തടയുന്നതിൽ ഗാന്ധിജി പരാജയപ്പെട്ടത്? കാരണം സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള അക്ഷമ മൂലം ഭൂരിപക്ഷം ഇന്ത്യക്കാരും അതാവശ്യപ്പെടുന്ന വില നൽകാൻ തയാറായിരുന്നു. വിഭജനമായിരുന്നു ആ വില. മൂന്നു പതിറ്റാണ്ട് അദ്ദേഹത്തിന്റെ അടുത്ത സഹപ്രവർത്തകരായിരുന്നവർ (നെഹ്റു, പട്ടേൽ, ആസാദ്, രാജാജി, രാജേന്ദ്ര പ്രസാദ്, കൃപാലിനി എന്നിവരുടെൾപ്പെടെ) ആ വില നൽകാൻ തയാറായിരുന്നു. ജനങ്ങളിലെ വലിയ ഭൂരിപക്ഷം ആ വില നൽകാൻ തയാറായിരുന്നു.

ഹിന്ദു ഭൂരിപക്ഷ മേഖലകൾ പുതിയ ഇന്ത്യയാവുകയും മുസ്ലിം ഭൂരിപക്ഷ മേഖലകൾ പാകിസ്താനാവുകയും ചെയ്തുവെന്നത് സത്യമാണ്. ഗാന്ധിജി ഭൂരിപക്ഷ അഭിപ്രായത്തിന് വഴങ്ങുകയും വിഭജനം അംഗീകരിക്കുകയും ചെയ്തു. ജീവിതത്തിന്റെ അവസാന വർഷങ്ങളിൽ എല്ലാ ജനങ്ങൾക്കുമായി ചെറിയ ഇന്ത്യയെ ഒരു രാഷ്ട്രമെന്ന നിലയിൽ സ്വതന്ത്രമായി നിലനിർത്താനും സ്വാതന്ത്ര്യത്തിന്റെ ഉദയത്തിനൊപ്പം സംഭവിച്ച ദു:ഖകരമായ മുറിവുകൾ ഉണക്കാനും ഗാന്ധിജി അധ്വാനിച്ചു.



ഈ ലക്ഷ്യങ്ങളിൽ അദ്ദേഹത്തിന്റെ വിജയം പൂർണമോ സ്ഥായിയായതോ ആയിരുന്നില്ല. പക്ഷേ, അത് അസാധാരണമായിരുന്നു.

തന്റെ ജീവിതത്തിന്റെ അവസാന വർഷത്തിൽ ചെയ്ത പോലെ ഗാന്ധി വാദിക്കുകയും പോരാടുകയും ഉപവസിക്കുകയും ചെയ്തിരുന്നില്ലെങ്കിൽ ഇന്ത്യയിൽ ഒരു ഹിന്ദു രാഷ്ട്രം സ്ഥാപിക്കപ്പെടുമായിരുന്നു. മുസ്ലിംകൾ ഡൽഹിയിൽ നിന്ന് പുറന്തള്ളപ്പെടുമായിരുന്നു. രാജ്യത്തെമ്പാടും മുസ്ലിംകളും ക്രിസ്ത്യാനികളും രണ്ടാം തരം പദവി അംഗീകരിക്കാൻ നിർബന്ധിക്കപ്പെടുമായിരുന്നു. ഗാന്ധിജി ഈ കാര്യങ്ങൾ സംഭവിക്കുന്നത് തടഞ്ഞു. ഈ കാര്യങ്ങൾ തന്റെ ജനനത്തിന്റെ 150-ാം വാർഷികം പുറമേക്ക് ആഘോഷിക്കുന്ന ഒരു കൂട്ടം ആളുകളുടെ രഹസ്യ പിടിയിൽ സംഭവിക്കുന്നതിൽ നിന്നായിരുന്നു അദ്ദേഹം തടഞ്ഞത്. ആ ആളുകളുടെ ഉള്ളിലെ  ആഗ്രഹം, ചിലപ്പോഴൊക്കെ തുറന്നു തന്നെ പ്രകടിപ്പിച്ചതു പോലെ, ഒരു ഹിന്ദു രാഷ്ട്രവും വർഗീയ തരംതിരിവുകളും ഇന്ത്യ അതിന്റെ  സ്വാതന്ത്ര്യത്തിന്റെ 100-ാം വാർഷികം, 2047-ൽ വരുന്നതിന് മുമ്പേ കൊണ്ടു വരുകയാണ്.

"എല്ലാവർക്കും തുല്യ അവകാശം" എന്ന പ്ലക്കാർഡ് ഏന്തുന്നത് ഇന്നത്തെ ലോകത്ത് പുതുമയല്ല. അത് ട്രംപിന്റെ അമേരിക്കയിലോ മോദിയുടെ ഇന്ത്യയിലോ പുതുമയല്ല.  പുടിന്റെ റഷ്യയിലോ അല്ലെങ്കിൽ ഷിയുടെ ചൈനയിലോ അല്ല. മറ്റ് പല നാടുകളിലുമല്ല.

ഇന്നത്തെ ദേശീയവും ആഗോളവുമായ വീക്ഷണകോണിൽ നിന്ന് നോക്കുമ്പോൾ 1947 ലും 1948 ലും ഗാന്ധി നടത്തിയ സാഹസിക കൃത്യങ്ങൾ ചരിത്രപരമായ ആകസ്മിക നേട്ടമായി തോന്നുന്നു. സ്വതന്ത്ര ഇന്ത്യ മതനിരപേക്ഷ ഭരണകൂടമാക്കാനുള്ള നീക്കം ഇന്ത്യൻ സ്വാതന്ത്ര്യം പോലെ തന്നെ വലിയ നേട്ടമായി കാണാം.

ഗാന്ധി സ്വയമല്ല ഈ ഫലങ്ങൾ സൃഷ്ടിച്ചത്. അല്ലെങ്കിൽ കേവലം നെഹ്റുവിന്റെയോ മറ്റ് ഏതാനും പേരുടെയോ സഹായത്താലുമല്ല. ലക്ഷക്കണക്കിന് അറിയപ്പെടുന്നവരും അറിയപ്പെടാത്തവരുമായ ഇന്ത്യക്കാർ, നിരവധി ഇന്ത്യക്കാരല്ലാത്തവർ ഈ ശ്രമത്തിൽ പങ്കു വഹിച്ചിട്ടുണ്ട്.



അവർ ബ്രിട്ടീഷ് രാജിനെയും മിക്കപ്പോഴും തങ്ങളുടെ അടുത്ത ബന്ധുക്കളെയും ധിക്കരിച്ചു. അവർക്ക് ജോലിയും പണവും നഷ്ടപ്പെട്ടു. അവർ മർദ്ദനവും തടവു ശിക്ഷയും ക്ഷണിച്ചു വരുത്തി. അതിനെക്കാൾ പ്രാധാനമായി, ഗാന്ധിക്കൊപ്പം അണിനിരന്ന് ചുവടു വെച്ചവർ അദ്ദേഹത്തിന്റെ കടുപ്പമുള്ള നിർദ്ദേശങ്ങൾ നടപ്പാക്കാൻ ശ്രമിച്ചു.

ഭയം അരുത്, ഗാന്ധി പറഞ്ഞു. ഒപ്പം ഗാന്ധി കൂട്ടിചേർത്തു. വെറുപ്പ് അരുത്. ഗാന്ധി ഇന്ത്യക്കാരെ അവരുടെ ഭയത്തിൽ നിന്ന് മുക്തരാക്കാൻ ചക്രവർത്തിയുടെ പീരങ്കികൾക്കു മുന്നിലേക്ക് നയിച്ചുവെന്ന് നെഹ്റു പ്രശസ്തമായ രീതിയിൽ പറഞ്ഞിട്ടുണ്ട്. വെറുപ്പും മുൻവിധികളും ആശ്ചര്യപ്പെടുത്തുന്ന വിധത്തിൽ മറികടന്നു. കുറഞ്ഞത് കുറച്ചു നാളത്തേക്കെങ്കിലും, മതത്തിന്റെ, ജാതിയുടെ, ഭാഷയുടെ, വർഗത്തിന്റെ പ്രതിബന്ധങ്ങൾ തകർക്കപ്പെട്ടു.

ഗാന്ധി എളുപ്പത്തിൽ ഉൾക്കൊള്ളാവുന്ന സൂചനകൾ നൽകി, എന്നാൽ അവ പുരോഗമനപരമായവ കൂടിയായിരുന്നു. അവ അത്ര മാത്രം ലളിതമായിരുന്നു. അതേ സമയം നമ്മുടെ സാമാന്യധാരണയ്ക്ക് ഒത്തുപോകുന്നതായിരുന്നു. അവ "ഈശ്വർ അല്ലാ തേരെ നാം" എന്നതു പോലെ അത്രമാത്രം ഉത്പതിഷ്ണുപരമായിരുന്നു.

തുല്യ അവകാശത്തെപ്പറ്റിയുള്ള ഭരണഘടനാപരമായ വ്യവസ്ഥ, ലക്ഷക്കണക്കിന് ഇന്ത്യക്കാർ "ഈശ്വർ അല്ലാ തേരെ നാം" എന്ന വാക്യം തങ്ങളുടെ ഹൃദയത്തിലേറ്റാതെ പ്രാവർത്തികമാകുമായിരുന്നില്ല. സ്വാതന്ത്ര്യം സാധ്യമായത് ഗാന്ധി "ഇന്ത്യ വിടുക" എന്ന് പ്രഖ്യാപിച്ചതു കൊണ്ടല്ല, മറിച്ച് ലക്ഷക്കണക്കിന് ജനം അവരുടെ ഹൃദയത്തിൽ ബ്രിട്ടീഷുകൾ ഇന്ത്യ വിടേണ്ടതാണെന്ന് തീരുമാനിച്ചതു കൊണ്ടാണ്.

സ്വാതന്ത്ര്യം അടുത്ത് വന്ന നാളിൽ, ഗാന്ധി ജീവിച്ചിരിക്കുമ്പോൾ, 1947 ഏപ്രിലിൽ ഡൽഹിയിൽ നടന്ന ഏഷ്യൻ റിലേഷൻസ് സമ്മേളനത്തിൽ ഈജിപ്തിൽ നിന്ന് ഒരു കവിത ചൊല്ലപ്പെട്ടു.

*ഗാന്ധിജിയുടെ കൈയിൽ ചർക്ക*

*തണ്ടുകൾ വാളിനേക്കാൾ മൂർച്ചയുള്ളതായി*



*ഗാന്ധിയുടെ മെലിഞ്ഞ ദേഹത്ത് ചുറ്റിയ വെള്ളമുണ്ട്*

*സാമ്രാജ്യത്വതോക്കുകൾക്ക് തുളച്ചു കയറാനാവാത്ത പടച്ചട്ടയായി*

*ഗാന്ധിയുടെ ആട് ബ്രിട്ടീഷ് സിംഹത്തേക്കാൾ കരുത്തുള്ളതായി.*

മതേതര ഇന്ത്യയുടെ-സമത്വവും സ്വാതന്ത്ര്യവും കുറഞ്ഞ പക്ഷം ഉദ്ദേശ്യമെങ്കിലുമായ ഇന്ത്യയുടെ - ചരിത്രപരമായ ആകസ്മിക വിജയം തങ്ങൾക്ക് വേണ്ടത് ഇതാണെന്ന് നിശ്ചയിച്ച നിരവധി ഇന്ത്യക്കാർക്കിടയിലെ നിശ്ശബ്ദവും ശക്തവുമായ ധാരണയുടെ ഫലമായിരുന്നു. അവർ ചിലർ ഉത്തരവിടുകയും മറ്റുള്ളവർ അനുസരിക്കുകയും ചെയ്യുന്ന ഇന്ത്യ ഒരിക്കലും അംഗീകരിച്ചില്ല.

നിസ്സംശയമായും അവർ ഗാന്ധിയാലും അദ്ദേഹത്തിന്റെ ആശ്ചര്യപ്പെടുത്തുന്ന സംഘത്താലും പ്രചോദിക്കപ്പെട്ടിരുന്നു. അതിനെക്കാൾ തങ്ങൾക്ക് അഭിമാനിക്കാവുന്ന ഒരു ഇന്ത്യയെപ്പറ്റിയുള്ള തങ്ങളുടെ സ്വന്തം ബോധത്താൽ, തങ്ങളുടെ സ്വന്തം ധാരണയാൽ അവർ ചലിക്കപ്പെട്ടു.

സമത്വവും സ്വാതന്ത്ര്യവും അന്തസ്സുമുള്ള ഇന്ത്യയുടെ ചരിത്രപരമായ ആകസ്മിക വിജയം വീണ്ടും സംഭവിക്കും ഇന്ത്യൻ ജനതയുടെ മനസ്സാക്ഷിയും സാമാന്യബോധവും അത് വീണ്ടും സൃഷ്ടിക്കും. അതെപ്പോൾ സംഭവിക്കും എന്നത് മാത്രമാണ് ചോദ്യം.

കേരളം വഴികാട്ടിയാവട്ടേ!

**മാധ്യമം ആഴ്ചപ്പതിപ്പ്,**

**1 ഒക്ടോബർ 2018**



# മൂന്ന് വിധിന്യായങ്ങൾ, ഭിന്ന പ്രതികരണങ്ങൾ

**ഹമീദ് ചേന്നമംഗലൂർ**

സെപ്റ്റംബർ 27, 28 തീയതികളിലായി മൂന്നു സുപ്രധാന വിധി പ്രസ്താവങ്ങൾ സുപ്രീം കോടതി നടത്തുകയുണ്ടായി. അവയിൽ രണ്ടെണ്ണം ചരിത്രവിധി എന്നു സാമൂഹിക നിരീക്ഷകരാലും മാധ്യമങ്ങളാലും വിശേഷിപ്പിക്കപ്പെട്ടിട്ടുണ്ട്. വിവാഹേതര ലൈംഗിക ബന്ധം ക്രിമിനൽ കുറ്റമായി കണക്കാക്കുന്ന ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 497-ാം വകുപ്പ് റദ്ദാക്കിക്കൊണ്ടുള്ള വിധിയാണ് ഈ രണ്ടെണ്ണത്തിൽ ഒന്ന്. പ്രായഭേദമില്ലാതെ എല്ലാ സ്ത്രീകൾക്കും ശബരിമല ക്ഷേത്രത്തിൽ പ്രവേശിക്കാൻ അനുമതി നൽകുന്നതാണ് രണ്ടാമത്തെ വിധി. മുസ്ലിങ്ങളുടെ പ്രാർത്ഥനയ്ക്ക് മസ്ജിദ് അനിവാര്യഘടകമല്ലെന്ന 1994-ലെ ഭരണഘടനാ ബെഞ്ചിന്റെ നിരീക്ഷണം പുന:പരിശോധിക്കേണ്ടതില്ലെന്നു വ്യക്തമാക്കുന്ന വിധിന്യായമാണ് മൂന്നാമത്തേത്.

ഇവയിൽ ആദ്യം പരാമർശിച്ച രണ്ടു വിധിപ്രസ്താവങ്ങൾ ഒരർത്ഥത്തിൽ പരമോന്നത ന്യായാസനം നേരത്തെ പുറപ്പെടുവിച്ച രണ്ടു വിധികളുടെ തുടർച്ചയായി കാണാവുന്നതാണ്. മുത്തലാഖിന്റെ നിയമസാധുത എടുത്തു കളഞ്ഞ വിധിയും ഉഭയസമ്മത പ്രകാരമുള്ള സ്വവർഗ്ഗരതി ക്രിമിനൽ കുറ്റമല്ലാതാക്കിയ വിധിയുമാണിവിടെ ഉദ്ദേശിക്കുന്നത്. ആധുനിക സാമൂഹിക വീക്ഷണങ്ങളോട് ആരോഗ്യകരമായി ഇണങ്ങുന്ന വിധിന്യായങ്ങളായിരുന്നു അവ രണ്ടും. പൂർവ്വകാല ആചാരങ്ങളിൽ നിന്നോ മൂല്യങ്ങളിൽ നിന്നോ ഉള്ള വിച്ഛേദമായിരുന്നു ആ വിധികൾ. 158 വർഷം മുൻപ്, ബ്രിട്ടീഷ് അധിനിവേശകാലത്ത് നിലവിൽ വന്ന 497-ാം വകുപ്പ് സുപ്രീം കോടതി റദ്ദു ചെയ്യുമ്പോൾ സംഭവിക്കുന്നതും അത്തരം ഒരു വിച്ഛേദമാണ്.

കോളോണിയൽ ഭരണാധികാരികൾ വിക്ടോറിയൻ ധാർമ്മിക, സദാചാര സങ്കൽപ്പങ്ങൾനുസൃതമായി ആവിഷ്കരിച്ച 497-ാം വകുപ്പിന്റെ പ്രധാനപ്പെട്ട ന്യൂനത അതിലടങ്ങിയ സ്ത്രീവിരുദ്ധതയായിരുന്നു. ആണിന്റെ സ്വകാര്യ സ്വത്ത് എന്ന നിലയിൽ പെണ്ണ് പരിഗണിക്കപ്പെട്ടു. ഭർത്താവ് എന്ന യജമാനനു കീഴിലുള്ള



ദാസിയാണ് ഭാര്യ എന്ന സങ്കൽപ്പത്തിൽ നിന്നാണ് ഭർത്താവിന്റെ അനുവാദത്തോടെ ഭാര്യയ്ക്ക് വിവാഹേതരബന്ധമാകാമെന്നും പരസ്ത്രീഗമനം നടത്തുന്ന ഭർത്താവിനെതിരെ സ്ത്രീക്ക് ക്രിമിനൽ കേസ് നൽകാനാവില്ലെന്നും വ്യവസ്ഥ ചെയ്യുന്ന ഈ വകുപ്പുണ്ടായത്. ഭർത്താവായ പുരുഷന്റെ ലൈംഗിക സ്വാതന്ത്ര്യവും ആധിപത്യവും ഉറപ്പു വരുത്തുകയും സ്ത്രീക്ക് സ്വാതന്ത്ര്യവും കർത്തൃത്വവും നിഷേധിക്കുകയും ചെയ്യുന്നതായിരുന്നു ഐ.പി.സി. 497.

വിവാഹേതര ലൈംഗികബന്ധം ക്രിമിനൽ കുറ്റമല്ലാതായിത്തീരുമെങ്കിലും അത് ഒരു സിവിൽ തെറ്റായി തുടരുമെന്ന് വ്യക്താക്കപ്പെട്ടിട്ടുണ്ട്. വിവാഹ മോചനത്തിനുള്ള ന്യായമായി അത്തരം ബന്ധം പരിഗണിക്കപ്പെടാമെന്നും ഇണയുടെ ആത്മഹത്യയിലേക്ക് നയിച്ചാൽ പ്രേരണകുറ്റമായി അത് കണക്കാക്കപ്പെടാമെന്നും വിശദീകരിക്കുക കൂടി ചെയ്തിട്ടുണ്ട് നീതിപീഠം. വിവാഹ ബാഹ്യബന്ധത്തിലേർപ്പെടുന്ന പങ്കാളിയുമായി വേർപെടാനുള്ള അവകാശം സ്ത്രീക്കും പുരുഷനും ഒരു പോലെയുണ്ടാവും. പൗരന്മാരുടെ മേൽ ഭരണകൂടം സദാചാര നിയമങ്ങൾ അടിച്ചേൽപ്പിക്കേണ്ടതില്ലെന്ന നിലപാടത്രേ കോടതി സ്വീകരിച്ചിരിക്കുന്നത്.

**വിമർശകർ ഒറ്റക്കെട്ട്**

വിവാഹബന്ധം, ലൈംഗികത എന്നിവ സംബന്ധിച്ച പരമ്പരാഗത കാഴ്ചപ്പാടുകളെ കീഴ്മേൽ മറിക്കുന്ന ഈ വിധിയെ പുരോഗമന പക്ഷത്ത് നിൽക്കുന്നവർ സ്വാഗതം ചെയ്തിട്ടുണ്ടെങ്കിലും യാഥാസ്ഥിതിക വിഭാഗങ്ങൾ അതിനോട് പ്രതികൂല ഭാവമാണ് പ്രകടിപ്പിച്ചത്. ഹൈന്ദവ, ക്രൈസ്തവ, ഇസ്ലാമിക സംഘടനകളെല്ലാം വിധിയെ വിമർശിക്കുന്നതിൽ ഏറെക്കുറെ ഒറ്റക്കെട്ടാണ്. വിവാഹേതര ലൈംഗികത കുറ്റമല്ലാതാകുന്നത് കുടുംബജീവിതത്തിന്റെ ശൈഥില്യത്തിനും ലൈംഗിത അരാജകത്വത്തിനും വഴി വെക്കുമെന്ന ആശങ്ക മത യാഥാസ്ഥിതിക കൂട്ടായ്മകൾ പങ്കു വെയ്ക്കുന്നു. അവരുടെ വാദങ്ങൾ കേട്ടാൽ തോന്നുക ഒന്നര നൂറ്റാണ്ട് മുൻപ് ബ്രിട്ടീഷ് ഭരണകർത്താക്കൾ നടപ്പാക്കിയ ഒരു വകുപ്പിന്റെ ബലത്തിലാണ് ഇന്ത്യക്കാരുടെ കുടുംബ ഭദ്രത



നിന്നു പോന്നതെന്നാണ്. സമൂഹവും രാജ്യവും ഏതു തന്നെയായാലും സദാചാര നിയമങ്ങളല്ല, മറിച്ച്  ഭാര്യാഭർത്താക്കൻമാർ തമ്മിലുള്ള സ്നേഹാദരവുകളാണ് കുടുംബ  ഭദ്രതയുടെ ആണിക്കല്ല് എന്നതാണ് യാഥാർത്ഥ്യം.

മതം ഊട്ടിയുറപ്പിച്ച ധാർമ്മിക-സദാചാര മൂല്യങ്ങളാണ് വൈവാഹിക-കുടുംബ ബന്ധങ്ങളുടെ കെട്ടുറപ്പിനും ലൈംഗിക വ്യവസ്ഥ ഇല്ലാതാക്കുന്നതിനും നിദാനമായി വർത്തിക്കുന്നത് എന്നു ചില മതസംഘടനകൾ അവകാശപ്പെടുന്നുണ്ട്. അനുഭവ യാഥാർത്ഥ്യങ്ങളുമായി അതൊട്ടും പൊരുത്തപ്പെടുന്നില്ല. മതം ഉദ്ഘോഷിക്കുന്ന ധാർമ്മിക ചട്ടങ്ങളും സദാചാര നിയമങ്ങളും കർശനമായി നടപ്പിൽ വരുത്തിയ സൗദി അറേബ്യയും പാകിസ്താനുമടക്കമുള്ള രാജ്യങ്ങളിലൊന്നും വിവാഹേതര ലൈംഗികബന്ധം ഇല്ലാതാവുകയോ സദാചാര സംശുദ്ധിയിലേയ്ക്ക് സമൂഹം ഉയരുകയോ ചെയ്തിട്ടില്ല.

ഐ.പി.സി 497-ാം വകുപ്പും ക്രിമിനൽ നടപടിക്രമത്തിലെ 198(2)-ാം വകുപ്പും സുപ്രീംകോടതി അസാധുവാക്കിയപ്പോൾ മറ്റൊരു വസ്തുത കൂടി മറനീക്കി പുറത്തു വന്നു. ബി.ജെ.പി യുടെ നേതൃത്വത്തിലുള്ള കേന്ദ്ര സർക്കാരിനെ നിരന്തരം വിമർശിക്കുന്ന ന്യൂനപക്ഷ മൗലികവാദികളും മോദി ഭരണകൂടവും തമ്മിൽ ലൈംഗികതയുടേയും കുടുംബ സങ്കൽപ്പത്തിന്റേയും വിഷയങ്ങളിൽ ആശയപരമോ നിലപാടുപരമോ ആയ യാതൊരു വ്യത്യാസവുമില്ല എന്നതാണത്. കോടതിവിധി മുൻനിർത്തി പോപ്പുലർ ഫ്രന്റുകാരുടെ മുഖപത്രമായ തേജസ് എഴുതിയ മുഖപ്രസംഗം അതിന്റെ തെളിവാണ്.

കുടുംബ ബന്ധങ്ങളും കോടതി നിലപാടുകളും എന്ന തലക്കെട്ടിൽ പ്രസ്തുത പത്രം സെപ്റ്റംബർ 28-ന് പ്രസിദ്ധീകരിച്ച എഡിറ്റോറിയലിൽ വിവാഹബന്ധത്തിന്റെ പവിത്രത സംരക്ഷിക്കാൻ നിയമം നിലനിൽക്കണമെന്ന് കേന്ദ്ര സർക്കാരിന്റെ വാദം നീതിപീഠം മുഖവിലയ്ക്കെടുത്തില്ല എന്ന വിലാപം കാണാം. 497-ാം  വകുപ്പ് എടുത്തു കളഞ്ഞുകൂടാ  എന്നും വിവാഹേതരബന്ധം ക്രിമിനൽ കുറ്റമായി പരിഗണിക്കുന്ന നിയമം വിവാഹത്തിന്റെ പവിത്രതാ സംരക്ഷണത്തിന് അനുപേക്ഷ്യമാണെന്നുമുള്ള ബി.ജെ.പി സർക്കാരിന്റെ



വാദത്തോട് പൂർണ്ണാർത്ഥത്തിൽ ചേർന്നു നിൽക്കുകയാണ് ഇവിടെ പി.എഫ്.ഐ.യുടെ പത്രം ചെയ്യുന്നത്.

ജമാഅത്തെ ഇസ്ലാമിക്കാരുടെ പത്രമായ മാധ്യമവും കേന്ദ്ര സർക്കാരിനോടൊപ്പമാണ് നിൽപ്പ്. സദാചാരം നിയമത്തിന് പുറത്ത് എന്ന ശീർഷകത്തിൽ സെപ്റ്റംബർ 29–ന് മാധ്യമം എഴുതിയ മുഖപ്രസംഗത്തിൽ ഇങ്ങനെ വായിക്കാം. വിവാഹേതര ബന്ധത്തിൽ ഏർപ്പെടുന്നവരിൽ പുരുഷനെ മാത്രമല്ല, സ്ത്രീയെയും ശിക്ഷിക്കണമെന്നാണ് കേന്ദ്ര സർക്കാർ വാദിച്ചത്. വിവാഹബന്ധത്തിന്റെ പ്രാധാന്യവും പവിത്രതയും സർക്കാർ എടുത്തു പറഞ്ഞു. അതിനാൽ വിവാഹത്തിന്റെ വിശുദ്ധി നിലനിർത്തുന്ന ശിക്ഷ നിലനിർത്തുകയും ഒപ്പം ആ ശിക്ഷ ലിംഗനിരപേക്ഷമാക്കുകയും ചെയ്യാമെന്നായിരുന്നു വാദം. തേജസിനെപ്പോലെ മാധ്യമവും മോദി സർക്കാരിനു വേണ്ടി വക്കാലത്ത് ഏറ്റെടുക്കുന്നതാണ് മേൽവരികളിൽ നാം കാണുന്നത്.

ശബരിമലയിൽ പ്രായഭേദമെന്യേ എല്ലാ സ്ത്രീകൾക്കും പ്രവേശന സ്വാതന്ത്ര്യം അനുവദിച്ചു കൊണ്ടുള്ള വിധിയുടെ കാര്യത്തിലും ഭിന്ന പ്രതികരണങ്ങളുണ്ടായി. ലിംഗ സമത്വവാദികൾ വിധിയെ പൂർണ്ണമായി സ്വാഗതം ചെയ്തപ്പോൾ പാനമ്പര്യവാദികൾ എതിർസ്വരങ്ങളുമായി രംഗത്തു വന്നു. 67 വർഷം മുൻപ് 1951–ൽ ബോംബെ ഹൈക്കോടതി നരാസു അപ്പമാലി കേസിൽ പുറപ്പെടുവിച്ച വിധിയുടെ ഉള്ളടക്കമാണ് ശബരിമല വിധിയോടെ അസാധുവായത്. വ്യക്തിനിയമങ്ങളും മതാചാരങ്ങളും അനുഷ്ഠാനങ്ങളും വിശ്വാസങ്ങളും തുല്യത, ജീവിതം, അന്തസ്സ് എന്നീ മൗലികാവകാശങ്ങളുടെ പരിധിക്കു പുറത്താണെന്നായിരുന്നു ബോംബെ ഹൈക്കോടതി വിധിച്ചിരുന്നത്. ഇപ്പോൾ സുപ്രീം കോടതിയുടെ ഭരണഘടനാ ബെഞ്ച് വ്യക്തമാക്കിയിരിക്കുന്നത് മതവിശ്വാസങ്ങളും ആചാരാനുഷ്ഠാനുങ്ങളുൾപ്പെടെ എല്ലാ നിയമങ്ങളും മൗലികാവകാശങ്ങൾക്ക് വിധേയമാണെന്നും ശബരിമലയിലെ പെൺവിലക്ക് ലിംഗതുല്യതയ്ക്കെതിരായതിനാൽ അത് മൗലികാവകാശ വിരുദ്ധമാണെന്നുമാണ്. തലമുറകളായി നിലനിന്നുപോരുന്ന മതാചാരങ്ങൾ വിശ്വാസിസമൂഹത്തെ സംബന്ധിച്ചിടത്തോളം മതവിശ്വാസത്തിന്റെ അവിഭക്തഭാഗമാണെന്ന വാദമാണ്



പതിവു പോലെ എതിർപക്ഷം ഉയർത്തിയത്. മതസംബന്ധമായ കാര്യങ്ങളിൽ മതേതര കോടതികൾ കടന്നു കയറുന്നത് ആശാസ്യമല്ലെന്ന് അവർ അഭിപ്രായപ്പെടുകയും ചെയ്യുന്നു. ഇത്തരം വാദമുഖങ്ങൾക്കുള്ള മറുപടി ജസ്റ്റിസ് ഡി.വൈ. ചന്ദ്രചൂഡിന്റെ നിരീക്ഷണങ്ങളിലുണ്ട്: ഒരു വിഭാഗം പൗരന്മാരെ ഒഴിച്ചു നിർത്തുന്ന മതാചാരങ്ങളുമായി മുന്നോട്ടു പോവാൻ മതത്തിനോ മതസംഘടനകൾക്കോ ഭരണഘടന അനുവാദം നൽകുന്നില്ല. ഭരണഘടനയുടെ 26-ാം വകുപ്പ് ഉറപ്പു നൽകുന്ന മതാവാകാശങ്ങളിൽ സംഘാവകാശങ്ങൾ (group rights) ഉൾപ്പെടുമെങ്കിലും അവയൊന്നും വ്യക്തികളുടെ സ്വാതന്ത്ര്യത്തെയോ അന്തസ്സിനെയോ തുല്യതയെയോ ബാധിക്കാൻ പാടില്ല. മതസംഘടനകളുടെ അവകാശങ്ങൾ വ്യക്തികളുടെ അവകാശങ്ങളെ ഹനിക്കും വിധമായിക്കൂടെന്നു ചന്ദ്രചൂഡ് വിശദീകരിക്കുന്നു.

മൂന്നാമത്തെ കോടതിവിധിയുടെ പശ്ചാത്തലം 1994-ൽ രണഘടനാ ബെഞ്ച് നൽകിയ ഒരു വിധിയുടെ പുനഃപരിശോധന ആവശ്യപ്പെട്ടുള്ള ഹർജിയാണ്. 24 വർഷം മുൻപ് ഇസ്മായിൽ ഫാറൂഖി കേസിൽ, ഏറ്റെടുക്കൽ നിയമത്തിൽ നിന്ന മുസ്ലിങ്ങൾ ഉൾപ്പെടെ ഒരു സമുദായത്തിന്റേയും ആരാധനാകേന്ദ്രങ്ങൾക്ക് പരിരക്ഷ ലഭിക്കില്ല എന്ന് ഭരണഘടനാ ബെഞ്ച് വ്യക്തമാക്കിയിരുന്നു. ഇസ്ലാമിലെ പ്രാർത്ഥനയ്ക്ക് പള്ളി അനിവാര്യമല്ല എന്നും ചൂണ്ടിക്കാട്ടപ്പെട്ടിരുന്നു. ഈ വിഷയം വിശാല ബെഞ്ചിനു വിടണമെന്ന അപേക്ഷയാണ് ഇപ്പോൾ സുപ്രീം കോടതി തള്ളിയത്.

മുസ്ലിങ്ങളുടെ നമസ്കാരത്തിന് പള്ളി കൂടിയേ തീരൂ എന്നില്ല എന്ന കോടതി നിരീക്ഷണം തെറ്റാണെന്ന് വാദവുമായി മുസ്ലിം സംഘടനകൾ രംഗത്തു വന്നിട്ടുണ്ട്. മുസ്ലിങ്ങളുടെ നമസ്കാരം വീട്ടിലോ പള്ളിയിലോ വെളിയിലോ എവിടെവെച്ചുമാകാമെന്നു പറയുന്നത് കോടതിയല്ല. നൂറ്റാണ്ടുകളായി മുസ്ലിം പണ്ഡിതർ ആവർത്തിച്ചു പോരുന്ന കാര്യമാണത്. ഒത്തു ചേർന്നുള്ള പ്രാർത്ഥന (congregation) ഇസ്ലാമിന്റെ അവിഭാജ്യ ഭാഗമാണെന്നു ചില സംഘടനകൾ എടുത്തു കാട്ടുന്നു. സമുദായത്തിലെ പാതിവരുന്ന സ്ത്രീകൾക്ക് പള്ളി പ്രവേശനം അനുവദിക്കാത്തവർ ഒത്തു ചേർന്നുള്ള പ്രാർത്ഥനയെക്കുറിച്ച് സംസാരിക്കുന്നതിലേറെ കാപട്യം വേറെയെന്തുണ്ട്.



ശ്രദ്ധേയമായ കാര്യം ഹിന്ദു സംഘടനകളെപ്പോലെ മുസ്ലിം സംഘടനകളും മതവിഷയങ്ങളിൽ മതേതര കോടതി ഇടപെടരുതെന്നു പറഞ്ഞുവെക്കുന്നുണ്ട്. യാഥാസ്ഥിതികതയിൽ ഇരുകൂട്ടരും ഒരേ തൂവൽപക്ഷികൾ തന്നെ.

**സമകാലിക മലയാളം,**

**8 ഒക്ടോബർ 2018**



# A Unique Dilemma

**Kaushik Deka**

If you are part of the workforce that pays income tax, you must have an Aadhaar number. If you are not financially sound/ socially backward and need to access government welfare schemes, you must show the 12-digit unique identity number. Even if you don't belong to either of these categories, you will need a PAN (Permanent Account Number) for financial transactions aggregating over Rs 2.5lakh a year. And your PAN must be linked to your Aadhaar number.

In other words, if you live a life of relative privilege, and even if you don't and depend on government welfare schemes, you need Aadhaar. This is a practical reading of the September 26 Supreme Court verdict on the constitutional validity of the Aadhaar (Targeted Delivery of Financial and Other Subsidies, Benefits and Services) Act, 2016. While upholding its validity, the five-judge constitutional bench of the Supreme Court struck down Section 57 of the Act, which allowed corporate entities or even individuals to demand Aadhaar for their goods or services. The apex court also struck down a circular issued by the Telecom Regulatory Authority of India (TRAI) in March 2017 mandating the linking of mobile numbers to Aadhaar. The Unique Identification Authority of India (UIDAI), the agency responsible for implementing the Aadhaar scheme, has now asked telcos to submit plans by October 15 to close down their Aadhaar-based authentication systems in line with the Supreme Court order.

But plans are already afoot to restore the provision to mandatorily link Aadhaar to mobile phones and bank accounts- Union finance minister Arun Jaitley has advocated a legislature route for this. A PIL has also been filed in the Madras High Court seeking the linking of Aadhaar to electoral rolls and voter cards. The ection Commission too has said that it has no objection to such a move.

Of course, one can still enjoy many privileges/ rights without an Aadhaar card, such as voting. You can also ignore demands for the number from private entities such as banks (including nationalised ones), phone companies and schools and colleges. But by making the Aadhaar-



PAN linking and the requirement of Aadhaar while applying for a PAN mandatory, the verdict has ensured that your bank details reach the UIDAI. In India, a PAN is now compulsory to open a bank account. While allowing the government to continue linking Aadhaar with government welfare schemes, the court went by the argument that it was serving a much larger public interest. Reading out the verdict, Justice Arjan Kumar Sikri said the bench was satisfied that Aadhaar was a suitable means to achieve a legitimate goal-prevention of leakage and pilferage. The court upheld Section 7 of the Aadhaar Act, which states that it is mandatory for any government scheme that draws out of the consolidated fund of India. This means that if you want to avail of benefits such as PDS rations, LPG subsidy or entitlements under MNREGA, you have to furnish your Aadhaar number or an Aadhaar enrolment ID.

The proponents of Aadhaar often argue that it has reduced leakages in the delivery of public services. Hailing the SC verdict, NITI Aayog CEO Arnitabh Kant said: "Over Rs 90,000 crore is saved every year by plugging leakages in over 500 welfare schemes through the use of Aadhaar for authentication." Lawyer-author Rahul Matthan who represented the interests of private sector companies in the Aadhaar case, argues that Aadhaar's digital infrastructure has cost benefits. "The cost of KYC (know your customer) approval for giving a loan was Rs 1,000. But because of Aadhaar-based eKYC, the cost is down to Rs 5," he says.

However, a study conducted by the same NITI Aayog in Puducherry, Chandigarh and Dadra and Nagar Haveli between January 2016 and March 2017 found that leakages in Direct Benefit Transfer through Aadhaar-seeded bank accounts has not been lower than the earlier estimates of leakages under the public distribution system.

According to development economist Reetika Khera, a strong advocate of data privacy, Aadhaar has no role in plugging leakages or in the identification of legitimate beneficiaries. Instead, it has created an ecosystem of exclusion. Khera, in fact, argues that the primary purpose of Aadhaar was never to improve financial inclusion or welfare administration as projected. "Welfare was just the sugarcoating to facilitate an essentially commercial project. These commercial activities required a digital ID infrastructure such as Aadhaar, which was built using public money," she



wrote in a column. To substantiate her claim, she says that several “volunteers” who helped build the Aadhaar infrastructure are now using the platform to build their businesses.

The Supreme Court took note of one of her articles in which she had mentioned a survey of 900 households in Jharkhand, which proved that the mandatory Aadhaar identification excluded the most vulnerable, such as old widows who could not go to the shop to authenticate themselves, and led to great hardship for others. Although the bench headed by then chief justice Dipak Misra held that Aadhaar was meant to facilitate delivery of welfare benefits to the marginalised sections, it also sent a warning to the government: “In the context of the serious grievance of financial exclusion, the court directs that no individual should be excluded from the receipt of welfare entitlements, such as foodgrains, for want of an Aadhaar number.”

But the bigger worry for the petitioners, who had challenged the constitutional validity of the Aadhaar Act, is the Aadhaar architecture, which enables a comprehensive surveillance by the government. The petitioners argued that the Aadhaar Act violated the fundamental right to privacy, which the Supreme Court had upheld in 2017.

The architecture of the Aadhaar project consists of a Central Identities Data Repository (CIDR), which stores and maintains authentication transaction data. Based on this architecture, it is possible for government authorities to track down the location of the person seeking authentication, argued one of the petitions. Economist Jean Dreze says the court verdict does little to curtail the powers Aadhaar gives the government to link multiple databases and build an infrastructure of surveillance. Senior advocate Shyam Divan argued in the Supreme Court that the Aadhaar project was an electronic leash to keep people under control. “Centralised and inter-linked databases also enable tracking, profiling, leading to self-censorship, which endangers our freedom,” says Khera.

Indeed, if Aadhar does finally get linked with bank accounts, mobile numbers and voter IDs, the government will be able to put citizens under a 360-degree surveillance, a fear often expressed by critics of Aadhaar.

Matthan agrees with this, saying that the possibility of connecting various data-bases could threaten the privacy of citizens. “The Aadhaar data itself is not dangerous. What is dangerous is



Aadhaar connected to all government databases such as MNREGA, LPG distribution etc. Currently, they are under separate ministries and it's not easy to connect them. But if there is an initiative to connect these, it must adhere to the Right to Privacy, as defined by the Supreme Court last year," he says.

The court took note of these concerns but opined that data collection by Aadhaar was minimal and served a much larger public interest. It, however, provided partial relief to the complainants by striking down the provision that allowed the archiving of authentication records-wherever a person used Aadhaar to prove his identity-for five years. Such records can now be kept only for six months. The court also banned storage of metadata of transactions by individuals. This means the UIDAI cannot collect data sets and mine it for more data or analysis. The SC also struck down Section 33(2) of the Aadhaar Act, which allowed sharing of data with security agencies on grounds of national security. Section 47 of the Act, which allowed only the government to complain in case of theft of Aadhaar data, was also revoked. Now individuals too can file a complaint. The Supreme Court also asked the Centre to bring a robust law for data protection as soon as possible.

The government is currently examining the draft personal data protection bill 2018, submitted in July by the Justice B.N. Srikrishna-headed expert panel. One of the strongest criticisms against the draft bill has been that it proposes stringent measures against data privacy violations by private players but goes soft on possible breaches by government. According to Smriti Parsheera, consultant, National Institute of Public Finance & Policy, the proposed bill needs strengthening when it comes to data access by intelligence and law enforcement agencies. "There is a disconnect between what the report is saying and how much of it is reflected in the bill. For instance, in the discussions on access to data by enforcement and intelligence agencies, the report emphatically states that current systems are insufficient and we need reforms like prior judicial review for authorising surveillance activities. This thinking, however, has not been translated into the draft law," she says.

Justice Srikrishna recognises the dangers of state surveillance and has recommended that the government pass a law on judicial supervision of executive action for surveillance. "The idea



behind the proposal to add parliamentary approval for such surveillance with an expiry term of six months is to include the three legs of democracy," says Matthan.

He then points to the biggest flaw in the proposed privacy law-there is no penalty on the government for violating privacy provisions. Perhaps such impunity is what has encouraged the government to violate Supreme Court orders related to Aadhaar as well. For instance, despite an SC directive in 2015 restricting mandatory submission of Aadhaar to five welfare schemes, the Narendra Modi government has linked it to at least three dozen welfare programmes. And now the court has had to warn the government not to exclude those who don't have Aadhaar from welfare schemes since there is still no architecture and guidelines in place to provide for them.

**India Today,**
**22 October 2018.**



# Humpty Dumpty Economy

**Lola Nayar**

A falling rupee, a tumbling stock market wiping out the gains of the year, more bad news on the banks front, a deficient though well-spread monsoon, rising oil prices and increasing signs of discontent among farmers are but a few counts of unease on the horizon barely six months ahead of the crucial 2019 general elections. The unease persists despite the 8.2 per cent GDP growth recorded in the first quarter of 2018-19 fiscal year. Many of the issues are interlinked, while others are due to the policymakers' faulty or unrealistic expectations for example, that by merely announcing higher minimum support price, they can ensure farmers get rightful prices for their produce.

Even as the government grapples to come to grips with non-performing assets (NPAs), and tries to recover the outstanding dues from some of the top loan defaulters, steps taken to stabilise infrastructure-funding major IL&FS is further eroding consumer confidence in banks. A recent study by online consumer group, LocalCircies, has found growing concern about the operations of both public-sector and private banks over NPAs and other issues. According to CUTS International fellow Amol Kulkarni, while consumer confidence in banks has been eroded to an extent, not enough is being done to educate consumers about efficient alternatives to invest their money in. "There are financial markets and other possibilities of investing funds, but they have not been adequately promoted, leaving consumers less aware of the options to non-performing and less-paying avenues in banks, which are at high risk because of NPAs and other areas of inadequate performance," says Kulkarni.

Most consumers still bank with public sector banks (PSBs) due to the confidence that the government will not let them fail. After the merger of five subsidiaries with the State Bank of India (SBI), the government has been working on creating more such mega banks. Kulkarni argues that government backing for PSBs is an inefficient market practice as the market should determine whether a bank should be running or sent for liquidation "as that is how capital can be efficiently allocated".



Mahesh Vyas, managing director and CEO of Centre for Monitoring Indian Economy (CMIE) Pvt Ltd, points out that there is no talk of banks not being financially sound or safe despite the consumer anger against bank scams. “Building confidence in banks is important as they are still the safest compared to any other institution such as the equity market, the debt market, the NBFCs (non-banking financial companies), gold or real estate,” says Vyas. Agreeing that banks remain the safest as they keep a large part of their money in government security CRISIL Limited chief economist Dharmakirti Joshi says, “We have seen a lot of muck come out, but that doesn’t mean it will be deleterious to the banking system. In fact, it will help the whole sector improve.”

Besides banks another financial sector entity, the Life Insurance Corporation (LIC), has been in the news lately owing to links with the near-bankrupt IL&FS. The fact that the government treats this institution as a bailout entity-whether it is for helping a tottering PSU or in its so-called disinvestment exercise has been a cause of much concern. While questioning policymakers’ moves, market experts are divided on LIC’s robustness in the long term.

Pankaj Murarka, founder, Renaissance Investment Managers, points out that LIC’s strength lies in being a government - run institution, with a large corpus of funds under its management that is invested in equity and debt markets. “While the recent credit event in IL&FS and LIC’s intention of participating in its revival plan cast a shadow on potential investment returns on the funds that LIC manages, we believe it doesn’t impact the long-term existence of the institution, given its size and government backing,” says Murarka. But Prof Raghav Gaiha of Global Development Institute, University of Manchester, has concerns about the long-term impact of LIC’s actions. “Unfortunately, it is not safe, given its huge exposure to state- owned banks overloaded with NPAs, their bailout and, more recently, the collapse of IL&FS. It is indeed alarming that LIC is saddled with financial burdens it is not equipped to overcome, putting at risk the savings of millions of small savers,” says Gaiha.

Vyas too argues that the LIC’s long-term strength is being compromised with the government dumping on it institutions that cannot stand on their own. It has become the government’s bailout institution. “This will be very damaging for a very important financial institution,” says Vyas.



At the current juncture, two major events are reflecting investor sentiments, not necessarily due to internal conditions, say experts. One is the volatility that has seen the stock market losing all the gains made during the year. The second is the continuing depreciation of the rupee, currently nudging past Rs 74 to a dollar. Both the events are inter-linked in many ways. Joshi says the stock market slide is largely due to global factors-the US interest rates, very low for a very long time, have now started rising very fast. The bond holders, who look at different countries for higher returns, are investing in the US as the interest rates have risen from 1 to 3 per cent. In effect, the investors are getting a much better return in the US than in India. No wonder there is a sell-off not just in India but in all emerging markets.

Murarka says that apart from a combination of factors, including spike in crude oil prices and rupee depreciation, “the tightness in system liquidity post the September 15 advance tax payment has led to the market correction. The fall has been accentuated by the recent credit event in IL&FS and the resultant risk-off in NBFCs and banks.” Agreeing that the stock market turmoil is a long-awaited market correction, Vyas points out that we have seen earnings fail and the price multiples going up through the past few years, resulting in the multiples going way too high.

According to the market expert, people had been expecting magic when Narendra Modi became PM and were willing to give it a long shot. Generally, the honeymoon period lasts six months to a year; this time it went on for three to four years. “But it can’t be forever,” says Vyas. “There has to be a correction’ and now that elections are around the corner, people are saying ‘no more honeymoon’, leading to a relook at the stocks. So other excuses like things going bad in the international market, foreign investors (FPI) going back or the US doing very well are all incidental. The main thing is that the Indian equity markets are very expensive and the confidence that the earnings will match up to the multiples has wilted.”

However, optimistic that system liquidity should improve in October on the back of government spending and open market operations by the RBI, Murarka says the market trajectory from here onwards would be a function of crude oil price movement and developments pertaining to state and general elections.



Let's now look at the rupee. Among factors influencing the Indian currency, according to CRISIL's Joshi, is India's current account deficit. "Countries that have a current account deficit get punished more where currencies are concerned. Then there are the non-deliverable forward (NDF) markets outside India for the rupee, which also creates volatility," he says. Over a long period of time, the rupee has been depreciating at 2-2.5 per cent per year. This trend was reversed over the past three or four years. So part of the weakness of the currency is normal and part of it is due to the global bond market sell-off. India is also very vulnerable to high oil prices- when prices go up, the risk is seen as higher in India from the inflation point of view, the fiscal point of view and also in terms of the currency. When oil prices shoot up, we need more dollars to meet our import demand, and the value of the rupee is largely influenced by the demand and supply of dollars.

Observer Research Foundation chairman Sunjoy Joshi, an energy expert, expects further dip in the rupee "as we are very vulnerable to our import demand for oil. If there is any crisis in the global oil markets, we are always the first to be hit. We have not found any answers to this vulnerability so far." As a result, there is a crisis every time the rupee falls or the oil prices rise as our current account deficit and fiscal deficit immediately surge. A collateral damage of any bad news for the economy is the impact on stock market sentiment, resulting in share prices falling. It is all interlinked.

Like many times in the past, this year too the government's responses have been kneejerk, undoing a whole series of reforms undertaken over the past few years. For instance, the government recently unravelled the entire oil sector reforms by intervening in the wrong things at the wrong time to force oil companies to offer subsidy on transport fuels. Subsidy of less than Rs 3 may make very little difference to consumers as the prices of petrol and diesel are at unprecedented levels, but for oil companies it is a roll back to the subsidy era.

On the infrastructure front, a major facilitator of employment besides manufacturing, things have started looking up, according to Shashikant Hegde, CEO, Projects Today. Based on a Projects Today survey, Hegde says private-sector investment has shown an improvement in



the last two quarters. There was 21 per cent quarter on quarter improvement in the first quarter, and there has been a 35.5 percent improvement in the second.

"There is some sign of revival, but we cannot say capacity addition or announcement of new projects have started in earnest," says Hegde. "In the last" two quarters, we have seen announcements of investments in steel, cement, electronics and construction. Revival in construction is a very good thing as it is where most employment is generated, like in manufacturing."

While new projects in steel and cement are being announced, there is no overlooking the fact that many among the existing companies are facing bankruptcy or are loan defaulters. The most pathetic condition is in the thermal power sector as many companies are facing coal shortage and have no power purchase pacts, while the discoms are defaulting on dues. They have huge debts, while the banks are refusing to lend further. It's no surprise then that the RBI's latest consumer confidence index survey, conducted in September, shows worsening of consumers' perception of the general economic situation and the employment scenario.

**Outlook,**
**22 October 2018.**





# Lengthening Shadow of The Lifelong Quester

## (A Review of the Book 'Gandhi 1914-1948 : The Years That Changed The World' written by Ramachandra Guha)

**P.A. Krishnan**

The Indian freedom movement did not take place on a smooth plain. Its terrain was rough, full of ups and downs and twists and turns. Many of those who travelled in that terrain were of an uncommon calibre. Still, a great number of them stumbled and fell by the wayside. A few managed to survive and reach the destination. And Gandhi led them all. His is easily among the most extra-ordinary stories ever told and he easily the most widely known modern Indian anywhere in the world. I had been asked about him by ordinary people in countries as far away as Costa Rica. They were amazed, as Einstein rightly predicted, that such a man could really exist. Nearer home, there are a few who revile him and attribute to him diabolic qualities which, if he had been told that he had had them, would have induced a smile from him. Just a few days ago, I saw a poster carrying a huge picture of a Southern politician (with an inset of Modi) and rather triumphantly calling him the Godse of South India.

It did not elucidate which modern Gandhi he was zeroing on. Seventy years after his martyrdom, Gandhi is many things to many people. Still, there is a quintessential Gandhi, as seen by his adulating, friendly, critical and contemptuous contemporaries and as maybe distilled from his life and writings. It is this Gandhi that Guha presents in his book in an easy and a graceful style. The book runs, into over eleven hundred pages, but its flow would mesmerise even persons who hate huge tomes, like me. It is said of some masterpieces of painting that whoever is assessing them is being assessed in turn. This is true of Gandhi too. In my assessment, Guha will be counted among the great biographers of the world.

Guha's is a narrative biography, chronologically told as far as practicable. Amazingly, for a book of its girth, it doesn't digress much, hewing close to its subject.



In the first hundred pages, Gandhi searches for solutions to some of the unique problems of India. The Gandhi of the last few pages is still searching for solutions to almost the same problems. In the intervening years, he himself changed into a different person and transformed millions of Indians into better human beings. Many more remained unchanged, but that was not his fault. It is rarely given to one to depart from this world at the most glorious moment of one's Iife-Gandhi died when he was the exemplar of an astonishing iridescence of love and compassion when the world around him was dissolving in a miasma of hate. Guha covers these heady years with aplomb. He also deals with the human Gandhi. He is unsparing in his criticism about Gandhi's wooden-headedness in dealing with his children, especially his eldest son. He speaks about his infatuation with Tagore's niece and, thankfully, is very brief on his infamous experiments on Brahmacharya.

Guha's coverage of the Poona Pact is fair and there is some substance in his assertion that Ambedkar had a far greater impact on Gandhi than he was sometimes willing to acknowledge. But Gandhi was right when he says, "Nobody has opposed untouchability in such strong language as I." Gandhi was targeted by fanatical Hindus for two reasons. One was that he spoke for Hindu-Muslim unity. The other was that he consistently spoke for Dalits (Harijans in his words). We know Gandhi gave his life for Hindu-Muslim unity. Many of us do not know that he almost gave his life for Dalits. A bomb was thrown at him in Pune on June 25, 1934, while he was on a tour preaching the eradication of untouchability. He escaped unhurt, but five persons were injured. Gandhi said, "I am not acting for martyrdom, but if it comes in my way ... 1 shall have earned it, and it will be possible for the historian of the future, to say that the vow I had taken before Harijans that I would, if need be, die in the attempt to remove untouchability was literally fulfilled."

This is the first book on Gandhi which tells in some length the almost untold story of Mahadev Desai, the self-effacing and brilliant secretary of Gandhi who died in 1942, just a few days after he was imprisoned along with Gandhi. It was he who protected Gandhi, advised him, gently fought with him and even made him change his views. It was only Gandhi who would have attracted such a personality. It was only a person of Mahadev's calibre and integrity who would



have endured Gandhi for so long, which ultimately killed him at a relatively young age of fifty. Gandhi remembered Desai almost every day until his own death. ' The other personality who comes out beautifully in the book is Rajkumari Amrit Kaur, the Sikh princess. It was she who was instrumental in bringing Dr Ambedkar to Nehru's first cabinet. When madness was unfolding in Punjab, she wrote to Gandhi: "The tragedy is that most of us inwardly rejoice when our community gets its back on the other .. .I am filled with fear as to where we are drifting." It was Gandhi and mostly Gandhi who convinced all those who were sane at that time that it was wrong to rejoice at the suffering of others, just because they belonged to a different community. Ultimately, it was his martyrdom that arrested the drift.

Guha also makes a short work of the canard that Gandhi did not do his best to prevent Bhagat Singh and his comrades from being sent to the gallows. He points out that Gandhi wrote a letter to the Viceroy on March 23,1931 pleading with him to postpone the execution, but they were executed on March 24.

I have a few problems with the book.Gandhi had very different views on science, technology, industrialisation, medicine and many things that were then considered modern. Guha scarcely covers that ground. Gandhi, after coming out of prison in 1944, exchanged a series of letters with P.C. Joshi, the Communist leader, which were discussed at some length when they were compiled into a book. Guha is silent on them. Khan Abdul Ghaffar Khan does not appear in the narrative after page 550. I am also disappointed that he does not mention the 1931 Karachi Resolution of the Congress, which demanded, among other things, a living wage for industrial workers, suppression of slavery, protection of working women, prohibition of child labour, progressive income tax on agricultural incomes and legacies, adult suffrage, freedom of worship, trade union rights and equal rights for all citizens. It was Gandhi who piloted the resolution through the Subjects Committee, if I am not wrong, and ensured that it was passed unanimously.

Gandhi said this in 1928: "It would be on the question of Hindu- Muslim unity that my Ahimsa would be put to its severest test, and that question presented the widest field for my experiments in Ahimsa. The conviction is still there. Every moment of my life I realise that God is



putting me on my trial." He could not have been more explicit than this. He tried many such experiments. All through his life he was groping for answers and died without really getting them. I am not sure about God, but a few haughty humans tried him and found him wanting. For the humble others, it is his search that engages them even now and makes them realise that he was one of the most glorious personalities ever to grace the earth. Guha has brought this Gandhi to them.

**Outlook,**
**29 October 2018.**



## RESUME OF BUSINESS TRANSACTED DURING THE 13th SESSION OF HIMACHAL PRADESH LEGISLATIVE ASSEMBLY

The business transacted during the 13th Session of the Himachal Pradesh Legislative Assembly which commenced on the 23rd August, 2018 and concluded on 31st August, 2018. In all, the House met for 7 days. The Session commenced with established convention of playing of the National Anthem.

This being the Monsoon Session, major business before the House was presentation, consideration and passing of the Govt. Bills. On the 23rd August, 2018, the opening day off he Session commenced at 11.00 A.M., the House paid tributes to late Shri Atal Behari Bajpayee former Prime Minister (India) and Shri Dile Ram Shabab Member of Himachal Pradesh Legislative Assembly. The Hon'ble Chief Minister, Ministers, the Leader of Opposition and Members including the Hon'ble Speaker, made obituary references to the departed souls. After the obituary references the questions which were fixed or the day were deemed to be laid on the Table of the House and the other business fixed for the day was shifted for the next day.

The Secretary, H.P. Legislative Assembly laid on the Table of the House a copy each of the Bills assented by the Governor of Himachal Pradesh.

The Question Hour remained throughout the Session. In all, 319 notices of Starred Questions were received, out of which 272 notices were admitted. Similarly, 110 notices for written answer were received and 84 notices were admitted besides this 24 notices of Starred Questions were converted into Unstarred Questions.

The Govt. apprised the House of the latest position of 24 issues of special mentions under Rule-324. 6 notices of Calling Attention to the matters of urgent public importance under Rule-62, two notices of short duration discussions under Rule-63 were admitted and discussed, five five notices under Rule-61, three motions under Rule-130 were discussed and four Private Members Resolutions under Rule-101 were received and out of these one resolution discussed and replied by the concerned Minister. First resolution which was moved in the House was of the previous Session & discussed in the House and one resolution which was moved in the House will be taken-



up for discussion during the next Session, other resolutions which were not moved were treated as lapsed. 48 documents relating to Annual dministrative Reports, Annual Accounts/ Audited Reports of various Autonomous Bodies/ Corporations of the State Government and the Recruitment & Promotion Rules of various Departments/Corporations were laid on the Table of the House. 49 Reports of the House Committees were presented and laid on the Table of the House.

In the sphere of Legislative Business, the following Bills were introduced, considered and passed by the Legislative Assembly:-

1. The Himachal Pradesh Transfer of Land (Regulation) Amendment Bill, 2018 (Bill No.9 of 2018); and
2. The Himachal Pradesh Public Service Commission (Additional Functions) Bill, 2018 (Bill No. 10 of 2018)

The H.P. Protection of Interests of Depositors (In Financial Establishment) Amendment Bill , 2016 (Bill No.4 of 2016) was withdrawn by the Government.

In order to keep the House informed, the Hon'ble Chief Minister and other Ministers made the Suo Motu statements on various important issues in the House during the Session.

Before adjourning the House sine-die, the Hon'ble Speaker expressed his thanks to the Hon'ble Chief Minister, Hon'ble Ministers and Hon'ble Members for their outstanding sincere co-operation in the smooth conduct of the Business of the House.

The House was adjourned sine-die by the Hon'ble Speaker Dr. Rajeev Bindal on 31 st August, 2018 after playing of the National Song and prorogued by the Governor of Himachal Pradesh on the same day i.e. 31st August, 2018.